# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/46/2018 2018 മാർച്ച് 2

## പത്രക്കുറിപ്പ്

**എം.ജി. പഠനവകുപ്പുകളിൽ പി.ജി. പ്രവേശനത്തിന് ഓൺലൈൻ അപേക്ഷ ഇന്ന് (മാർച്ച് 3) മുതൽ**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ പി.ജി. പ്രവേശനത്തിനായി നടത്തുന്ന പ്രവേശന പരീക്ഷയ്ക്കുള്ള (CAT MGU - 2018-19) ഓൺലൈൻ രജിസ്ട്രേഷൻ ഇന്ന് ആരംഭിച്ച് മാർച്ച് 31ന് അവസാനിക്കും. സർവ്വകലാശാലാ പഠനവകുപ്പുകളിലെ വിവിധ എം.എ., എം.എസ്.സി., എൽ.എൽ.എം., എം.ടി.ടി.എം., എം.എഡ്. പ്രോഗ്രാമുകളിലേക്കാണ് പ്രവേശന പരീക്ഷ നടത്തുന്നത്. അവസാനവർഷ ബിരുദ പരീക്ഷാഫലം കാത്തുനിൽക്കുന്നവർക്കും അപേക്ഷ സമർപ്പിക്കാം. ഓൺലൈനായാണ് അപേക്ഷയും ഫീസും സമർപ്പിക്കേണ്ടത്. രജിസ്ട്രേഷൻ ഫീസ് പൊതുവിഭാഗത്തിന് 880 രൂപയും പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് 440 രൂപയുമാണ്. ഡെബിറ്റ് കാർഡ്, എ.ടി.എം., ഇന്റർനെറ്റ് ബാങ്കിംഗ് ഇവയിലേതെങ്കിലും ഉപയോഗിച്ച് ഓൺലൈനായി ഫീസടയ്ക്കാം. ഈ സൗകര്യങ്ങൾ ഇല്ലാത്ത അപേക്ഷകർക്ക് സംസ്ഥാനത്തെ എല്ലാ അക്ഷയ കേന്ദ്രങ്ങളിലും ഫീസടയ്ക്കാവുന്നതാണ്. പ്രവേശന പരീക്ഷയ്ക്ക് തിരുവനന്തപുരം, കോട്ടയം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ പരീക്ഷാ കേന്ദ്രങ്ങൾ ഉണ്ടായിരിക്കും. ഓൺലൈൻ അപേക്ഷയും പ്രവേശന പ്രക്രിയ, യോഗ്യത, പഠനവകുപ്പുകൾ, പി.ജി. പ്രോഗ്രാമുകൾ, പ്രവേശന പരീക്ഷയുടെ ഘടന/സിലബസ് തുടങ്ങിയ വിശദവിവരങ്ങളും www.catmgu.ac.in, www.mgu.ac.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ജൂലൈ മാസം സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. സൈക്കോളജി (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 നവംബറിൽ നടത്തിയ പത്താം സെമസ്റ്റർ ബി.എ. ക്രിമിനോളജി എൽ.എൽ.ബി. ഓണേഴ്സ് പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. ആരാധന എം.ഡി., അശ്വതി സുകുമാരൻ, സുമി ലിസ വി.ജെ. എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 15 വരെ അപേക്ഷിക്കാം.

എറണാകുളം ഗവ. ലോ കോളേജിൽ 2017 നവംബറിൽ നടത്തിയ പത്താം സെമസ്റ്റർ പഞ്ചവത്സര ബി.എ.എൽ. എൽ.എൽ.ബി. (സപ്ലിമെന്ററി 2011ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 13 വരെ അപേക്ഷിക്കാം.

എറണാകുളം ഗവ. ലോ കോളേജിൽ 2017 ജൂലൈ മാസം നടത്തിയ ഒൻപതാം സെമസ്റ്റർ പഞ്ചവത്സര ബി.എ.എൽ. എൽ.എൽ.ബി. (സപ്ലിമെന്ററി 2011ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 9 വരെ അപേക്ഷിക്കാം.

2017 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് മാർച്ച് 13 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**